## ഗുരുമാർഗം

സർവശക്തിമത്തായ അഖണ്ഡബോധവസ്തുവിൽ വെള്ളത്തിൽ പതപോലെ അവിദ്യാശക്തി പൊന്തിക്കുന്ന സങ്കല്പമാണ് മനസ്. അപാരമായ ബോധ സമുദ്രത്തിൽ പൊങ്ങുന്ന സ്വയംഭ്രവാണിത്.



ചതയം 13 - 20
നവമി 29 - 25
1938 വൈശാഖം 30
1438 ഷഹബാൻ 22
1192 ഇടവം 06

## കേരളത്തിലെ ജനങ്ങൾക്ക് അൽഷിമേഴ്സ് ബാധിച്ചിട്ടില്ല.

# നേട്ടങ്ങൾ അനവധി, വിവാദങ്ങളും

**വി.എസ്. രാജേഷ്**

പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടത് മന്ത്രിസഭ ഒരു വർഷം പൂർത്തിയാക്കിയ സാഹചര്യത്തിൽ സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ കൗമുദി ടിവിയുമായി സംസാരിച്ചു. പ്രസക്തഭാഗങ്ങളിൽ നിന്ന്:-

■ എല്ലാം ശരിയാകുമെന്ന മുദ്രാവാക്യവുമായിട്ടാണ് എൽ.ഡി.എഫ് അധികാരത്തിൽ വന്നത്. എല്ലാം ശരിയായോ? എന്താണ് വിലയിരുത്തൽ?

വാഗ്ദാനങ്ങൾ പാലിക്കുന്ന കാര്യത്തിൽ എൽ.ഡി.എഫ് സർക്കാരിന് ഏറെ ദൂരം മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാം ശരിയാക്കുമെന്ന് പറഞ്ഞത് ഒരു വർഷത്തിനുള്ളിൽ ശരിയാക്കുമെന്നല്ല, ആ വാചകത്തെ വ്യാഖ്യാനിക്കുന്നതാണ്. അഞ്ചുവർഷം ഈ സർക്കാരിനുണ്ട്.

■ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ മുന്നിൽ നിൽക്കുന്നത് വിവാദങ്ങളാണ്.

നേട്ടങ്ങൾക്കപ്പുറം വിവാദങ്ങൾ ഉണ്ടെന്ന പറയുന്നതിനോട് ഞാൻ യോജിക്കുന്നില്ല. നേട്ടങ്ങൾ അനവധിയാണ്. വിവാദങ്ങളും ഉണ്ട് എന്ന പറയുന്നതാവും ശരി. എന്നാൽ സർക്കാർ വിവാദങ്ങൾ ഉത്പാദിപ്പിക്കുന്ന ഫാക്ടറിയാകാൻ പാടില്ല.

■ ഈ ഒരു വർഷത്തെ ഏറ്റവും വലിയ നേട്ടമായി താങ്കൾ കാണുന്നതെന്താണ്?

ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ അറുപതാം വാർഷികത്തിന്റെ ഭാഗമായി ഈ സർക്കാർ പ്രഖ്യാപിച്ച, സാധാരണക്കാരന് വീടും ഭൂമിയും നൽകുന്ന പദ്ധതിയാണത്. അതിന്റെ ഒരു ഘട്ടം മാത്രമാണ് ഇപ്പോൾ നടപ്പിലാക്കിത്തുടങ്ങിയത്. അഞ്ചുവർഷക്കാലം ഈ സർക്കാർ അധികാരത്തിൽ ഇരിക്കുമെങ്കിൽ കേരളത്തിലെ മുഴുവൻ ഭൂരഹിതരായ ആളുകൾക്കും ഭൂമിയും വീടും നൽകും.

■ അധികാരത്തിൽ ഇരിക്കുമെങ്കിൽ എന്ന പറഞ്ഞതിൽ, അക്കാര്യത്തിൽ സംശയമുണ്ടോ?

അഞ്ചുവർഷക്കാലത്തിനുള്ളിൽ തീർക്കേണ്ടതാണ് ഈ പദ്ധതി.

■ ഈ ഗവൺമെന്റ് 5 വർഷം പൂർത്തിയാക്കുമെന്ന കാര്യത്തിൽ സി.പി.ഐക്ക് സംശയമുണ്ടോ?

അഞ്ചുവർഷം പൂർത്തിയാക്കുമെന്ന് മാത്രമല്ല, ഈ ഗവൺമെന്റ് തുടർ ഭരണവും പ്രതീക്ഷിക്കുന്നുണ്ട്.

■ ചെറിയ കാര്യങ്ങളുടെ പേരിൽ വലിയ വിവാദങ്ങൾ ഉണ്ടാകുകയും സർക്കാർ ചെയ്ത നല്ല കാര്യങ്ങൾ അതിൽ മുങ്ങിപ്പോവുകയുമല്ലേ?

കുറേയെല്ലാം നിങ്ങൾ മാദ്ധ്യമങ്ങൾ കൂടിയുണ്ടാക്കുന്നതാണ്. എല്ലാവരുടെയും സംഭാവന അതിലുണ്ട്. മാദ്ധ്യമങ്ങളുടേത് ഒട്ടും കുറവല്ല.

■ ഒരു വർഷം കഴിയുമ്പോൾ ഈ മുന്നണിക്കു നേതൃത്വം നൽകുന്ന സി.പി.എമ്മിന്റെ ഏറ്റവും വലിയ തലവേദനയായി സി.പി.ഐ മാറിയിരിക്കുകയല്ലേ?

അങ്ങനെയവർക്കൊരു ചിന്തയുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ദേശീയ തലത്തിൽ ഒരേ നിലപാട് പിന്തുടരുന്ന പാർട്ടികളാണ് അവരും ഞങ്ങളും. അവരുടെയും ഞങ്ങളുടെയുംപാർട്ടി കോൺഗ്രസുകൾ പാസാക്കിയ പ്രമേയങ്ങൾ വളരെ സാമ്യമുള്ളതാണ്. ആ രാഷ്ട്രീയ പ്രമേയം പാസാക്കിയവർക്ക് എങ്ങനെ മറ്റൊരു ഇടതുപക്ഷ പാർട്ടി തലവേദനയാകും. എനിക്കത് വിശ്വസിക്കാൻ കഴിയില്ല.

■ സി.പി.എമ്മും സി.പി.ഐയും മുമ്പും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇത്ര പ്രകടമായി അധികാരത്തിലിരുന്ന് വിമർശിക്കുന്നത് ഇതാദ്യമാണ്. ഇതൊരു മുന്നണി മര്യാദയ്ക്കു ചേർന്നതാണോ?

മുന്നണി മര്യാദയെന്ന് പറയുന്നത് മുന്നണിയിൽ യോജിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിലാണ്. ഞങ്ങളുടെ ബൈബിൾ ഞങ്ങളുടെ മാനിഫെസ്റ്റോയാണ്. എൽ.ഡി.എഫിന്റെ മാനിഫെസ്റ്റോയിൽ ഉന്നയിച്ചിട്ടുള്ള ഒരു കാര്യത്തെപ്പറ്റിയും വിവാദമുണ്ടാക്കാൻ സി.പി.ഐ മുതിർന്നിട്ടില്ല.

■ സി.പി.ഐയുടെ നേതൃയോഗങ്ങളിൽ പലതിലും ഈ സർക്കാരിനെതിരെ നിശിത വിമർശനങ്ങൾ നടക്കുന്നതായി മാദ്ധ്യമങ്ങളിൽ വാർത്ത വരുന്നുണ്ട്. കഴമ്പുണ്ടോ?

കഴമ്പില്ല. സർക്കാരിന്റെ നടപടികളെ വിമർശനപരമായി സമീപിക്കുകയെന്നതാണ് കമ്മ്യൂണിസ്റ്റുകാരുടെ ചുമതല. അത് സി.പി.ഐയാണെങ്കിലും സി.പി.എം ആണെങ്കിലും അങ്ങനെയാണ്. അല്ലാതെ സർക്കാർ ചെയ്യുന്നതെല്ലാം ശരിയാണ് എന്ന് പാടി പുകഴ്ത്തുകയല്ല. എന്നാൽ സർക്കാരിനെ വിമർശനപരമായി പരിശോധിച്ച് അതിനെ തിരുത്തി മുന്നോട്ടുകൊണ്ടുപോകേണ്ടത് അതിന്റെ രാഷ്ട്രീയ നേതൃത്വമാണ്. അത് സി.പി.എമ്മും സി.പി.ഐയും ഉൾപ്പെടെയുള്ള എൽ.ഡി.എഫ് ആണ്.

■ഭരണത്തിൽ പങ്കുപറ്റിയിട്ട് പരസ്യവിമർശനത്തിനു മുതിരുന്നത് ശരിയാണോ?

ഭരണത്തിൽ പങ്ക് എന്ന പറയുന്നത് ആരുടേയും സൗജന്യമല്ലല്ലോ. ഭരണത്തിലെ പങ്കിൽ നിൽക്കുന്നതോടൊപ്പം പരസ്യമായി വിമർശിക്കേണ്ട കാര്യങ്ങൾ ഉണ്ടായാൽ അത് തുറന്നു പറയേണ്ടിവരും. ഉദാഹരണത്തിന് പ്രകാശ് കാരാട്ട് കോഴിക്കോട്ട് ഒരു മുഖാമുഖത്തിൽ പങ്കെടുക്കവേ മുന്നണിയിലെ ചില ഘടകകക്ഷികൾ പ്രതിപക്ഷത്തല്ലയെന്നോർക്കണം എന്ന് പറഞ്ഞു. എന്നു വച്ചാൽ ഘടകകക്ഷികൾ പറയുന്നത് പ്രതിപക്ഷ നിലപാട് ആണെന്ന്. മലപ്പുറം തിരഞ്ഞെടുപ്പിന് മൂന്നാലു ദിവസം മുമ്പാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്. ഞങ്ങൾക്കു മറുപടി പറയാൻ അറിഞ്ഞുകൂടാഞ്ഞിട്ടല്ല. പക്ഷേ ഞങ്ങളുടെ രാഷ്ട്രീയമായിട്ടുള്ള ധാരണ ആ സമയത്ത് സി.പി.എമ്മും സി.പി.ഐയും ഏറ്റുമുട്ടുന്നത് നല്ലതല്ലയെന്നായിരുന്നു. അതുകൊണ്ട് തിരഞ്ഞെടുപ്പിനുശേഷം ചേർന്ന പാർട്ടിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് ഈ കാര്യത്തെ സംബന്ധിച്ച മറുപടി പരസ്യമായി പറയണമെന്ന് തീരുമാനിച്ചു. അതിന്റെയടിസ്ഥാനത്തിൽ അത് പ്രതിപക്ഷ നിലപാടല്ല യഥാർത്ഥ ഇടതുപക്ഷ നിലപാടാണെന്ന് ഞാൻ പത്രസമ്മേളനം വിളിച്ച് പറഞ്ഞു. അദ്ദേഹം അതിനെ കൗണ്ടർ ചെയ്തില്ലല്ലോ.

■ ഈ ഒരു വർഷക്കാലം താങ്കളുടെയും സി.പി.ഐയുടെയും സ്വീകാര്യത വർദ്ധിച്ചുവെന്ന തോന്നുന്നുണ്ടോ?

സി.പി.ഐ സ്വീകരിക്കുന്ന നിലപാടുകൾ ജനങ്ങൾ അംഗീകരിക്കുന്നവെന്നുള്ളതാണ്. എന്റെ വ്യക്തിപരമായ സംഭാവന വളരെ നിസാരമായിരിക്കും. ഞങ്ങളുടെ രാഷ്ട്രീയ നിലപാടുകൾ മനുഷ്യനിലെത്തിക്കാൻ സമൂഹവുമായി സംവദിക്കാൻ ഞങ്ങൾക്കു കഴിയുന്നതുകൊണ്ടാണ് ജനങ്ങൾ അതിനെ അംഗീകരിക്കുന്നത്. ജനങ്ങളുടെ അംഗീകാരമില്ലാതെ എന്ത് നിലപാടെടുത്തിട്ടും ഒരു കാര്യവുമില്ല.

■മൂന്നാറിലെ കാര്യത്തിൽ സി.പി.ഐയും റവന്യൂ മന്ത്രിയും സ്വീകരിച്ച നിലപാട് വ്യാഖ്യാനിച്ചാൽ സി.പി.ഐയും മന്ത്രിയും ജനങ്ങളുടെ കൂടെയും മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയും കൈയേറ്റക്കാരുടെ കൂടെയും എന്നൊരു ഇമേജ് സൃഷ്ടിക്കില്ലേ?

സി.പി.ഐക്ക് പ്രത്യേകമായിട്ട് മൂന്നാറിൽ ഒരു നിലപാടില്ല. സി.പി.ഐക്കും സി.പി.എമ്മിനും ഒറ്റ നിലപാടേയുള്ളൂ. അത് നിയമസഭയിൽ മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും പ്രഖ്യാപിച്ചിട്ടുണ്ട്. അനധികൃതമായിട്ടുള്ള കൈയേറ്റങ്ങളെ ഒഴിപ്പിക്കുകയെന്നതാണ് എൽ.ഡി.എഫിന്റെ തീരുമാനം.

■കൈയേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ മുഖ്യമന്ത്രിക്കു വത്യസ്ത നിലപാടുണ്ടോ? കുരിശു തകർത്തതും നിരോധനാജ്ഞ പ്രഖ്യാപിച്ചതും ശരിയായില്ലെന്ന് അദ്ദേഹം പറഞ്ഞു?

നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള അധികാരങ്ങൾ മാത്രമേ ഉദ്യോഗസ്ഥന്മാർക്ക് എപ്പോഴും ഉപയോഗിക്കാൻ പറ്റുകയുള്ളൂ. അത് മാത്രമേ മന്ത്രിക്കും മുഖ്യമന്ത്രിക്കും ഒക്കെ പാടുള്ളൂ. കൈയേറ്റം ഒഴിപ്പിക്കുന്നത് ലാൻഡ് കൺസർവൻസി ആക്ടിന്റെ അടിസ്ഥാനത്തിലാണ്. ആ ആക്ടിൽ കൈയേറ്റം ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടത് റവന്യൂ അതോറിട്ടിയാണ്. ജില്ലയിലെ റവന്യൂ അതോറിട്ടി ജില്ലാ കളക്ടറാണ്. മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും തീരുമാനിക്കേണ്ടത് ഗവൺമെന്റിന്റെ നയപരമായ കാര്യങ്ങളാണ്. നിയമമനുസരിച്ച് ഉദ്യോഗസ്ഥർ ചെയ്യുന്നതിനെ നമ്മൾ പ്രോത്സാഹിപ്പിക്കണം. നിയമവിരുദ്ധമായതിനെ പ്രോത്സാഹിപ്പിക്കാൻ പാടില്ല. അതാണ് ഞങ്ങളുടെ ഒരു നിലപാട്.

■മൂന്നാറിൽ കുരിശു തകർത്തതിലൂടെ കൈയേറ്റമൊഴിപ്പിക്കുന്നതിന്റെ ഫോക്കസ് മാറുകയല്ലേ ചെയ്തത്?

കേരളത്തിന്റെ ക്രൈസ്തവ സമൂഹം എന്നും മതനിരപേക്ഷതയ്ക്ക് വലിയ പ്രാധാന്യം നൽകുന്നവരാണ്. ഈ സംസ്ഥാനത്തെ ഒരു മതമേലദ്ധ്യക്ഷനും ആ നടപടി തെറ്റായിപ്പോയിയെന്ന പറഞ്ഞില്ലല്ലോ. മതചിഹ്നങ്ങൾ കൈയേറ്റത്തിന് ഉപയോഗിക്കാൻ പാടില്ലെന്ന് സുപ്രീംകോടതി തന്നെ പറഞ്ഞിട്ടുണ്ട്.

■അതിൽ ഒരു ബുദ്ധിപരമായ സമീപനം പുലർത്തേണ്ടതായിരുന്നില്ലേ?

ബുദ്ധിപരമായ സമീപനം കേരളത്തിലെ മാധ്യമങ്ങൾ ആയിരുന്നു പുലർത്തേണ്ടത്. രാവിലെ മുതൽ ഇത് കാണിച്ച് മനുഷ്യന്റെ വികാരമിളക്കാനല്ലേ മാദ്ധ്യമങ്ങൾ ശ്രമിച്ചത്.

■മാദ്ധ്യമങ്ങളാണോ അതോ അവരെ ക്ഷണിച്ച ജില്ലാ ഭരണകൂടമാണോ?

അതു വേറൊരു പ്രശ്നം. കാണിക്കേണ്ട ഔചിത്യം മാദ്ധ്യമങ്ങൾ കാണിച്ചില്ല. എല്ലാവരും കൂടി ശ്രമിച്ചിട്ടും അതിന്റെ പേരിൽ ഒരു പ്രശ്നവുമുണ്ടായില്ലല്ലോ സുഹൃത്തേ.

■കുരിശു പൊളിച്ചതിൽ യാതൊരു തെറ്റുമില്ലെന്നാണോ സി.പി.ഐയുടെ നിലപാട്?

ഒരു കുഴപ്പവുമില്ല. സുപ്രീംകോടതിയുടെ നിലപാടാണത്. സി.പി.ഐയുടേതാക്കേണ്ടതില്ല.

■എസ്. രാജേന്ദ്രന്റേത് കൈയേറ്റമാണെന്ന് ജില്ലാ ഭരണകൂടവും അല്ലെന്ന് സി.പി.എം നേതൃത്വവും പറയുന്നു. റവന്യൂവകുപ്പ് കൈകാര്യം ചെയ്യുന്ന സി.പി.ഐയുടെ നിലപാട് എന്താണ്?

പാർട്ടിയെന്ന നിലയിൽ ഓരോ കൈയേറ്റവും ശരിയോ തെറ്റോയെന്ന് ഞങ്ങൾ ചർച്ചചെയ്യാറില്ല. സ്വാഭാവികമായും നമ്മുടെ റവന്യൂ വകുപ്പിന്റെ കൈയിലാണ് ഭ്രരേഖ. നിലവിലുള്ള റവന്യൂ റെക്കാഡ്സിന്റെ അടിസ്ഥാനത്തിൽ അത് അദ്ദേഹത്തിന്റെ സ്വന്തം ഭൂമിയല്ലെന്ന് റവന്യൂ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അതാണ് ശരിയെന്നാണ് എന്റെ അഭിപ്രായം.

■സി.പി.ഐ കോൺഗ്രസിനോടടുക്കാൻ പോകുന്നു. മാണിഗ്രൂപ്പ് എൽ.ഡി.എഫിലേക്കു വരുന്ന എന്നൊക്കെ ഒരുപാട് വാർത്തകൾ കേൾക്കുന്നുണ്ട്. ഇതിൽ വല്ല കഥയുമുണ്ടോ?

കോൺഗ്രസിനോട് അടുക്കാത്ത ഏത് രാഷ്ട്രീയ പാർട്ടിയാണ് കേരളത്തിൽ ഉള്ളത്.

■ദേശീയ തലത്തിലും സംസ്ഥാന തലത്തിൽ ഒരു വിഭാഗവുമായിട്ടും സി.പി.എം അടുത്തിട്ടുണ്ട്.

അങ്ങനെയാണെങ്കിൽ കോൺഗ്രസിലെ വേറൊരു വിഭാഗവുമായി അടുത്തെന്ന് ഞങ്ങൾക്കു പറഞ്ഞുകൂടെ. ഞങ്ങൾ പറയുന്നില്ലല്ലോ. ആന്റണി ഗ്രൂപ്പ് നായനാർ മന്ത്രിസഭയിലെ അംഗങ്ങളായിരുന്നില്ലേ. പശ്ചിമബംഗാളിൽ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ആരുടെ കൂടെയാണ് മത്സരിച്ചത്.

അപ്പോൾ കോൺഗ്രസിന് തൊട്ടുകൂടായ്മയുണ്ടോ?

യു.പി.എ ഗവൺമെന്റിൽ ഞങ്ങൾ ഒരുമിച്ചു പിന്തുണച്ചത് ആരെയാണ്. ഡോ. മൻമോഹൻസിംഗിനെ. അന്നത്തെ സ്പീക്കർ ആരാണ്. സോമനാഥ് ചാറ്റർജി. ഇനിയും ചാരിത്ര്യ പ്രസംഗം വേണോ?

■കേരളത്തിലും കോൺഗ്രസുമായി കൂടണമെന്ന കാഴ്ചപ്പാടുണ്ടോ?

ഞാൻ പറഞ്ഞില്ലല്ലോ. കോൺഗ്രസ് എന്ന പറയുമ്പോൾ എന്തോ തൊട്ടുകൂടാത്ത സാധനമാണ് എന്ന പറയുന്നവർ കോൺഗ്രസിനെ തൊട്ടിട്ടില്ലേ എന്നേ എന്റെ ചോദ്യമുള്ളൂ.

■കോൺഗ്രസുമായി അടുക്കാമെന്ന് ഭീഷണിപ്പെടുത്തേണ്ടെന്ന സി.പി.എമ്മിന്റെ മുന്നറിയിപ്പാണോ മാണിഗ്രൂപ്പുമായി അവരുണ്ടാക്കിയ ചങ്ങാത്തം.?

മാണി ഗ്രൂപ്പ് ആരാണ്. മാണി ഗ്രൂപ്പ് ഒരു ജനാധിപത്യ പാർട്ടിയാണ്. ഞങ്ങൾ സി.പി.എമ്മും സി.പി.ഐയും ഇടതു ഐക്യത്തിനുവേണ്ടി നിൽക്കുന്നവരാണ്. ആ ഇടതു ഐക്യം വേണോ മാണി വേണോയെന്ന് ഓരോരുത്തർക്കും തീരുമാനിക്കാം. ഇടതു ഐക്യം വേണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

■പന്ന്യൻ രവീന്ദ്രൻ സി.പി.ഐ സെക്രട്ടറിയായിരിക്കുമ്പോൾ മാണിഗ്രൂപ്പുമായി അടുക്കാനുള്ള ഒരു നീക്കം സി.പി.ഐയുടെ ഭാഗത്തുനിന്ന് ഉണ്ടായില്ലേ?

സി.പി.ഐ നേതാക്കന്മാർ ഇതേക്കുറിച്ച് അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഞങ്ങളുടെ പാർട്ടി എക്സിക്യൂട്ടീവ് കൂടിയപ്പോൾ അതിന്റെ ആവശ്യമില്ലെന്നു തീരുമാനിച്ചു. ആ തീരുമാനത്തിലാണ് ഞങ്ങൾ ഉറച്ചു നിൽക്കുന്നത്.

■കോട്ടയം പോലെ യു.ഡി.എഫിന്റെ ശക്തിദുർഗമായ ഒരു സ്ഥലത്ത് ആ മുന്നണിയിലുണ്ടാകുന്ന അന്തഃച്ഛിദ്രം ഇടതുമുന്നണി മുതലെടുക്കുന്നതിൽ തെറ്റുണ്ടോ?

ആ മുന്നണിയിലെ ആഭ്യന്തര തർക്കങ്ങളുടെ പേരിൽ ശക്തരാവുകയല്ല വേണ്ടത്. നമ്മുടെ ജനസ്വാധീനം വർദ്ധിപ്പിച്ച് ശക്തരാവുകയാണ് വേണ്ടത്.

■സി.പി.എമ്മും മാണിയും തമ്മിൽ ഒരു സഖ്യമുണ്ടാകുമെന്ന് സി.പി.ഐ പ്രതീക്ഷിക്കുന്നുണ്ടോ?

എനിക്കറിയില്ല. എൽ.ഡി.എഫ് മുന്നണിയിൽ ഒരു പുതിയ കക്ഷിയെ ചേർക്കുന്നതിനെക്കുറിച്ച് തീരുമാനിച്ചിട്ടില്ല. അതിന് അപേക്ഷ ക്ഷണിക്കാനും ആലോചിച്ചിട്ടില്ല.

■മാണിയെ എൽ.ഡി.എഫിൽ കൊണ്ടുവരാനുള്ള ഏതു നീക്കത്തേയും സി.പി.ഐ എതിർക്കുമെന്ന നിലപാടാണോ?

ഞങ്ങൾക്ക് മാണിയോട് വ്യക്തിപരമായ ഒരു വിയോജിപ്പുമില്ല. മാണി എന്റെ നാട്ടുകാരനാണ്. എനിക്കു വളരെ സ്നേഹമുള്ള മനുഷ്യനാണ്. എൽ.ഡി.എഫ് എന്തിനാണ് മാണിയെ എതിർക്കുന്നത്. കഴിഞ്ഞ 5 വർഷത്തെ അഴിമതി ഭരണത്തിന്റെ പേരിലാണ്. കേരള നിയമസഭയിൽ മാദ്ധ്യമങ്ങൾ ആവർത്തിച്ചു കാണിക്കുന്ന സീനുണ്ടല്ലോ. ബഡ്ജറ്റ് അവതരണത്തിന്റെ. എന്തിനായിരുന്നു അത്. അദ്ദേഹത്തോട് വ്യക്തിപരമായ വല്ല വിരോധവും ഉണ്ടോ? മാണി ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനെയാണ് എതിർത്തത്. പ്രതിപക്ഷത്തുള്ളവർ അന്നു പറഞ്ഞത് ഉമ്മൻചാണ്ടി വേണമെങ്കിൽ അവതരിപ്പിച്ചോട്ടെയെന്നാണ്. ആ ഗവൺമെന്റിൽ അഴിമതിക്കാരനായ മാണി ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ല. അല്ലെങ്കിൽ ഉമ്മൻചാണ്ടിക്ക് ആരെയെങ്കിലും ചുമതലപ്പെടുത്താം. അതായിരുന്നില്ലേ എൽ.ഡി.എഫിന്റെ നിലപാട്. അത് ഇത്രവേഗം മറന്നുപോയോ? 11 മാസം മതിയോ. നമുക്ക് അതു മറക്കാമെങ്കിലും കേരളത്തിലെ ജനങ്ങൾക്കെല്ലാം അൽഷിമേഴ്സ് ബാധിച്ചിട്ടില്ല.

■സി.പി.ഐ മന്ത്രിമാരുടെ പ്രവർത്തനത്തെക്കുറിച്ച് എന്താണ് അഭിപ്രായം.

ഞങ്ങൾ വിലയിരുത്തുന്നുണ്ട്. അവരുടേത് മെച്ചപ്പെട്ട പ്രവർത്തനമാണ്. കുറച്ചുകൂടി മെച്ചപ്പെടുത്തണമെന്ന അഭിപ്രായമുണ്ട്.

■മുഖ്യമന്ത്രിയുടെ പ്രവർത്തന ശൈലിയെക്കുറിച്ച് സി.പി.ഐയ്ക്ക് അഭിപ്രായ വ്യത്യാസമുണ്ടോ?

ഇല്ല. അദ്ദേഹം സഹമന്ത്രിമാരെയെല്ലാം സഹകരിപ്പിച്ച് കാബിനറ്റിൽ പൊതുവായ തീരുമാനങ്ങളെടുത്ത്, എൽ.ഡി.എഫിന്റെ നയം നടപ്പിലാക്കാനായി മുന്നോട്ടുപോകുന്ന ഒരു മുഖ്യമന്ത്രിയാണ് എന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം.

(കൗമുദി ടിവിയിൽ
ഈ അഭിമുഖത്തിന്റെ
അവസാനസംപ്രേഷണം ഇന്ന്
രാവിലെ 9.30 ന്.
പൂർണരൂപം ഓൺലൈനിൽ
വായിക്കാം:
www.keralakaumudi.in)

കാനം രാജേന്ദ്രൻ

പിണറായി സർക്കാരിന്
1 വയസ്

> *■കാനം രാജേന്ദ്രന് കേരളത്തിലെ പ്രതിപക്ഷ നേതാവിന്റെ സ്വരമാണെന്ന് ഒരു വിമർശനമുണ്ട്?*
>
> *അത് കാര്യമറിയാതെ പറയുന്നതാണ്. അഭിപ്രായം പറയുന്നവരെ പഴയകാലം മുതൽ ഭ്രാന്തൻ എന്ന് വിളിച്ചിട്ടുള്ള ലോകമാണിത്. അതുകൊണ്ട് അങ്ങനെ പറയുന്നതിൽ എനിക്കു വലിയ അത്ഭുതമൊന്നുമില്ല.*

---

# കൊച്ചിയുടെ നേട്ടം കേരളത്തിന്റെയും

അർപ്പണബോധത്തോടെ കൈമെയ്മറന്ന് പ്രവർത്തിച്ചാൽ നടക്കാത്തത് ഒന്നുമില്ലെന്ന് വിളിച്ചറിയിക്കുന്നതാണ് അണ്ടർ 17 ലോകകപ്പ് ഫുട്ബാൾ മത്സരങ്ങൾക്കായി കൊച്ചിക്ക് ലഭിച്ച അംഗീകാരം. കൊച്ചിയിൽനിന്ന് വഴുതിപ്പോകുമെന്ന് കരുതിയ വലിയ നേട്ടം ഉദ്യോഗസ്ഥന്മാരുടെയും തൊഴിലാളികളുടെയും അക്ഷീണപരിശ്രമത്തിന്റെ ഫലമായി സാദ്ധ്യമായിരിക്കുകയാണ്. കലൂരിലെ നെഹ്റു സ്റ്റേഡിയത്തിൽ അരലക്ഷത്തോളം കാണികളുടെ നിറസാന്നിദ്ധ്യത്തിൽ ഒക്ടോബറിൽ അണ്ടർ 17 ലോകകപ്പിലെ ക്വാർട്ടർ ഉൾപ്പെടെ എട്ട് പ്രാഥമിക മത്സരങ്ങൾ അരങ്ങേറുമ്പോൾ സംസ്ഥാനത്തെ കായികപ്രേമികൾക്ക് അത് പുത്തൻ അനുഭവമായി മാറുമെന്ന് തീർച്ച. മത്സരവേദിയായ നെഹ്റു സ്റ്റേഡിയത്തിന് പുറമേ താരങ്ങളുടെ പരിശീലനത്തിനായുള്ള നാല് ഗ്രൗണ്ടുകളും തയ്യാറാക്കുന്ന പ്രവൃത്തികൾ എങ്ങുമെത്താതെ നിന്ന വേളയിലാണ് ഇക്കഴിഞ്ഞ മാർച്ചിൽ ഫിഫാസംഘം കേന്ദ്ര കായിക വകുപ്പ് മന്ത്രിയുമൊത്ത് പരിശോധനയ്ക്കെത്തിയത്. ഇങ്ങനെയാണ് മുന്നോട്ടുപോകുന്നതെങ്കിൽ ലോക കപ്പ് വേദിയാകാനുള്ള പൂതി ഉപേക്ഷിക്കുന്നതായിരിക്കും നല്ലതെന്ന് കടുത്ത ഭാഷയിൽ മുന്നറിയിപ്പ് നൽകിയശേഷമാണ് അന്ന് വിദഗ്ദ്ധ സംഘം മടങ്ങിയത്. സംസ്ഥാന കായികവകുപ്പിന്റെ ചുമതലക്കാരനായ മന്ത്രി എ.സി. മൊയ്തീന്റെ സാന്നിദ്ധ്യത്തിലായിരുന്ന കേന്ദ്രമന്ത്രിയുടെയും മറ്റും അതൃപ്തി പ്രകടനം. അടുത്ത പരിശോധനയ്ക്കുവരുമ്പോൾ എല്ലാം കുറ്റമറ്റ നിലയിലായിരിക്കുമെന്ന മന്ത്രി മൊയ്തീന്റെ വാക്കുകൾ കേട്ട് മടങ്ങിയ സംഘത്തിന് ഇക്കഴിഞ്ഞ ദിവസം അത് പൂർണമായും ബോദ്ധ്യപ്പെടുകയും ചെയ്തു. അല്ലറചില്ലറ കാര്യങ്ങളേ ഇനി തീരാനുള്ളൂ. ജൂലായിൽ അവസാനഘട്ട പരിശോധനയ്ക്ക് മുമ്പ് അവയും പൂർത്തിയാകുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല.

ഇത് ലോകകപ്പാണ്. അത് ഓർത്ത് വേണം ഒരുക്കങ്ങളെന്ന കേന്ദ്ര കായികമന്ത്രിയുടെ ഓർമ്മപ്പെടുത്തൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അതേപടി ശിരസാവഹിച്ചതിന്റെ സദ്ഫലമാണ് മത്സരവേദിയിലും പരിശീലനവേദികളിലും ഇന്ന് കാണാനാവുന്നത്. വിദഗ്ദ്ധസംഘം ചൂണ്ടിക്കാട്ടിയ പോരായ്മകൾ തൊണ്ണൂറു ശതമാനവും പരിഹരിക്കപ്പെട്ടുകഴിഞ്ഞു. ലോകോത്തര നിലവാരം ഉറപ്പാക്കി നെഹ്റു സ്റ്റേഡിയം തല ഉയർത്തി നിൽക്കുകയാണിപ്പോൾ. മത്സരവേദിയായി കൊച്ചിക്ക് നറുക്കുവീണതിനുശേഷം ഒരുക്കങ്ങൾക്ക് ഏറെ സമയം ലഭിച്ചതാണ്. എന്നാൽ എല്ലാം അവസാനസമയത്തേക്ക് മാറ്റിവയ്ക്കുക എന്ന ദുശീലം കാരണം വിലപ്പെട്ട സമയം വെറുതെ പാഴാക്കി. കാര്യങ്ങൾക്ക് വേഗത കൈവരണമെങ്കിൽ പിന്നിൽനിന്ന് തള്ളാൻ ആരെങ്കിലും കൂടിയേതീരൂ എന്ന അവസ്ഥ കായികമേഖലയിലുമുണ്ട്. ഏറെ കൊട്ടിഘോഷിച്ചുകൊണ്ടുവന്ന കോമൺവെൽത്ത് ഗെയിംസിന് രാജ്യം ആതിഥ്യം വഹിച്ചപ്പോഴും ഒരുക്കങ്ങൾ ഉദ്ഘാടനദിവസംവരെ നീണ്ടുപോയത് മറക്കാറായിട്ടില്ല. ദേശീയ ഗെയിംസിന് കേരളം വേദിയായപ്പോൾ നടന്ന പുകിലുകൾ പലരുടെയും മനസിലുണ്ടാകും. മത്സരവേദികളിൽ ഉപയോഗിക്കേണ്ടിയിരുന്ന ചിലയിനം ഉപകരണങ്ങൾ വൈകി എത്തിയതും നേരത്തെ എത്തിയവയിൽ ചിലതെല്ലാം വെട്ടിപ്പൊളിക്കാതെ പിന്നീട് കണ്ടെത്തിയതുമെല്ലാം ഗെയിംസ് വിവാദപട്ടികയിലുണ്ട്. ഇത്തരം തരികിടകൾക്കൊന്നും ഒരു സ്ഥാനവുമില്ലാത്ത ഫിഫാ മത്സരവേദി ഏതായാലും തീർത്തും കുറ്റമറ്റനിലയിൽ പൂർണസൗകര്യങ്ങളോടെ അണിയിച്ചൊരുക്കുന്നതിൽ നോഡൽ ഓഫീസറായ മുഹമ്മദ് ഹനീഷും ജി.സി.ഡി.എ ചെയർമാൻ സി.എൻ. മോഹനനും ജില്ലാകളക്ടർ മുഹമ്മദ് സഫിറുള്ളയും ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ വഹിച്ച പങ്ക് അഭിനന്ദനീയമാണ്. ലക്ഷ്യപ്രാപ്തിക്കായി ഊണും ഉറക്കവും വെടിഞ്ഞാണ് നോഡൽ ഓഫീസർ സ്റ്റേഡിയത്തിലെ സൗകര്യങ്ങൾ പൂർത്തിയാക്കാൻ പ്രയത്നിച്ചത്. ഫിഫാ ടൂർണമെന്റ് ഡയറക്ടർ ഹാവിയർ സെപ്പി വ്യാഴാഴ്ച സ്റ്റേഡിയം സന്ദർശിച്ചശേഷം മാദ്ധ്യമപ്രതിനിധികളുമായി സംസാരിക്കവെ സംഘാടകരുടെ സ്തുത്യർഹ സേവനത്തെ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തു.

> **സംസ്ഥാന കായികവകുപ്പിന്റെ ചുമതലക്കാരനായ മന്ത്രി എ.സി. മൊയ്തീന്റെ സാന്നിദ്ധ്യത്തിലായിരുന്നു കേന്ദ്രമന്ത്രിയുടെയും മറ്റും അതൃപ്തി പ്രകടനം. അടുത്ത പരിശോധനയ്ക്കു വരുമ്പോൾ എല്ലാം കുറ്റമറ്റ നിലയിലായിരിക്കുമെന്ന മന്ത്രി മൊയ്തീന്റെ വാക്കുകൾ കേട്ട് മടങ്ങിയ സംഘത്തിന് ഇക്കഴിഞ്ഞ ദിവസം അത് പൂർണമായും ബോദ്ധ്യപ്പെടുകയും ചെയ്തു. അല്ലറചില്ലറ കാര്യങ്ങളേ ഇനി തീരാനുള്ളൂ.**

പ്രാഥമിക മത്സരങ്ങളും പ്രീക്വാർട്ടറും ക്വാർട്ടറും മാത്രമേ കൊച്ചിക്ക് ലഭിച്ചുള്ളൂവെന്നതിൽ സംസ്ഥാനത്തെ ഫുട്ബാൾ പ്രേമികൾക്ക് ഏറെ നിരാശയുണ്ട്. ആഞ്ഞുപിടിച്ചിരുന്നുവെങ്കിൽ ഒരു സെമികൂടിയെങ്കിലും കൊച്ചിയിലേക്ക് കൊണ്ടുവരാമായിരുന്നുവെന്ന് പറയുന്നവരും കുറവല്ല. ഇതിനുള്ള മറുപടി ടൂർണമെന്റ് ഡയറക്ടർ തന്നെ നൽകിക്കഴിഞ്ഞു. കൊച്ചിയിലേക്ക് പല രാജ്യങ്ങളിൽനിന്ന് നേരിട്ടുള്ള വിമാനസർവീസില്ലാത്തതാണ് കൂടുതൽ മത്സരങ്ങൾക്ക് കൊച്ചി നേരിട്ട പ്രധാന തടസമെന്ന അദ്ദേഹത്തിന്റെ വാക്കുകൾ വിമർശകരുടെ നാവടക്കാൻ പര്യാപ്തമാണ്.

നിലവാരമുള്ള ഏതിനം മത്സരങ്ങളെയും വികാരത്തോടെ വീക്ഷിക്കുകയും ഹർഷാരവങ്ങളോടെ അതിന്റെ ഭാഗമാകുകയും ചെയ്യാറുള്ള മലയാളികളെ സംബന്ധിച്ച് ഫിഫാ അണ്ടർ 17 മത്സരങ്ങളും നവ്യാനുഭവമായി മാറുമെന്നതിൽ സംശയമില്ല. കൊൽക്കത്തയിലും മറ്റും മത്സരത്തിന്റെ ടിക്കറ്റുകൾ ഇതിനകം വിറ്റുതീർന്നപ്പോൾ കേരളത്തിൽ ആയിരത്തിൽ താഴെ ടിക്കറ്റുകളേ ഇതുവരെ വിറ്റിട്ടുള്ളൂ എന്ന ടൂർണമെന്റ് ഡയറക്ടറുടെ പരിഭവത്തിൽ കാര്യമൊന്നുമില്ല. ഒക്ടോബറെത്താൻ ഇനിയും എത്രയോ നാൾ കിടക്കുന്നു. ഗാലറി നിറയ്ക്കാൻ മലയാളികൾക്ക് പ്രത്യേകിച്ച് പ്രേരണയൊന്നും വേണ്ടിവരില്ല. അന്താരാഷ്ട്ര ചട്ടമനുസരിച്ച് സ്റ്റേഡിയത്തിലെ സീറ്റുകൾ 41748 ആയി പരിമിതപ്പെടുത്തുന്നതിലേ കാണികൾക്ക് നിരാശ ഉണ്ടാകാനിടയുള്ളൂ. കളിക്കളങ്ങൾ മാത്രമല്ല, ഗതാഗതം ഉൾപ്പെടെ അനുബന്ധ സൗകര്യങ്ങളും വർദ്ധിക്കുമെന്നതാണ് ഇത്തരം രാജ്യാന്തര മത്സരവേദി ലഭിക്കുന്നതിന്റെ നേട്ടം.

---

## പിരിച്ചുവിടലിനെ ഭയക്കേണ്ട

# ഐ.ടി തൊഴിലിന് സാങ്കേതിക മികവ് വേണം!

**ഡോ.ടി.പി.സേതുമാധവൻ**

അടുത്ത കാലത്തായി വികസിത രാജ്യങ്ങളായ അമേരിക്ക, യു.കെ, യൂറോപ്യൻ രാജ്യങ്ങൾ, കാനഡ, ആസ്ട്രേലിയ, സിംഗപ്പൂർ എന്നിവിടങ്ങളിൽ തൊഴിൽ വൈദഗ്ദ്ധ്യം കുറഞ്ഞവരെ ഒഴിവാക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്! മികച്ച തൊഴിൽ വൈദഗ്ദ്ധ്യം ഉള്ളവർക്കാണ് തൊഴിൽ സാധ്യതയേറെയും! ഇതിനാനുപാതികമായി ഈ വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഇന്ത്യൻ ഐ. ടി. വ്യവസായ മേഖലയിലും ഈ മാറ്റം പ്രകടമാണ്. ഐ.ടി. വ്യവസായ മേഖലയിൽ വിജയം കൈവരിക്കാൻ പുത്തൻ ടെക്നോളജികൾ കൈവരിക്കേണ്ടതുണ്ട്. ഇത്തരം ടെക്നോളജി വൈദഗ്ദ്യം ഇല്ലാത്തവരെ ഐ.ടി. കമ്പനികൾ ലോകത്താകമാനം തൊഴിലിൽ നിന്ന് ഒഴിവാക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്! ഇതിന്റെ സൂചന ഇന്ത്യയിലും പ്രകടമാണ്.

രാജ്യത്ത് ഐ.ടി. മേഖലയിൽ തൊഴിൽ സാധ്യത കുറയുമെന്ന ആശങ്ക നിലനിൽക്കുന്നു. പ്രതിവർഷം 1.75 -2 ലക്ഷത്തോളം തൊഴിലവസരങ്ങൾ കുറയുമെന്നാണ് Head Hunters India യുടെ വിലയിരുത്തൽ. എന്നാൽ ഇതുമായി ബന്ധപ്പെട്ട വാർത്തകളിൽ വിദ്യാർത്ഥികൾ ആശങ്കപ്പെടേണ്ടതില്ല! ഐ.ടി. മേഖലയിൽ സാങ്കേതിക വിദ്യയിൽ വൻ മാറ്റങ്ങളാണ് ദൃശ്യമാകുന്നത്. ഓട്ടമേഷൻ, മെഷീൻ ലേണിംഗ്, സോഷ്യൽ, ഫിൻടെക്ക്, മൊബൈൽ, അനലിറ്റിക്സ്, ക്ലൗഡ് സർവ്വീസസ് എന്നിവ വിപുലപ്പെട്ടു വരുന്നു. അഡ്വാൻസ്ഡ് ഐ.ടിക്കും, ഓട്ടമേഷനുമാണ് പ്രധാന്യമേറുന്നത്.! ഇവ പ്രവർത്തികമാക്കിയുള്ള സങ്കേതിക വിദ്യക്കും, ഉത്പന്നങ്ങൾക്കുമാണ് സാധ്യതയേറുന്നത്. പരമ്പരാഗത ഐ.ടി. യിൽ നിന്നുള്ള മാറ്റം ഏറെ ശ്രദ്ധേയമാണ്. പുത്തൻ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാത്തതിനാൽ പരമ്പരാഗത ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രവർത്തന ക്ഷമത കുറയുന്നു എന്നതാണ് സീനിയർ ഐ.ടി. പ്രൊഫഷണലുകൾക്ക് ജോലി കുറയാനും, അവർ സ്വമേധയാ രാജിവയ്ക്കാനും ഇടവരുത്തുന്നത്. ഇനി വരുന്ന 3-4 വർഷത്തിനുള്ളിൽ ഐ.ടി. തൊഴിൽ രംഗത്തെ പകുതിയോളം പേർ ടെക്നോളജിയുടെ വളർച്ചയ്ക്കാനുപാതികമായി പ്രസക്തിയില്ലാതാകുമെന്നാണ് മക്കൻസിയുടെ പഠനങ്ങൾ വ്യക്തമാക്കുന്നത്. 39 ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്ന ഐ.ടി. മേഖലയിൽ തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സാങ്കേതിക വിദ്യയിൽ കാലത്തിന്റെ മാറ്റത്തിനനുസരിച്ച് വളരാൻ ശ്രമിക്കണം. 35 വയസ്സിനു മുകളിലുള്ള തൊഴിലാളികളെയാണ് ഇത് പ്രതികൂലമായി ബാധിക്കുക.

ബിരുദത്തിനു ശേഷം നേരിട്ട് ഐ.ടി. തൊഴിൽ തേടുന്നതിന് പകരം അഡ്വാൻസ്ഡ് ഐ.ടി. രംഗത്തെ ബിരുദനന്തരബിരുദ/ഡിപ്ലോമ കോഴ്സുകൾ/മൂല്യവർദ്ധിത കോഴ്സുകൾ പൂർത്തിയാക്കുന്നത് നല്ലതാണ്. എൻജിനിയറിംഗ്, ബിരുദ കോഴ്സുകൾ പൂർത്തിയാക്കിയവർക്കുള്ള നിരവധി മൂല്യവർദ്ധിത കോഴ്സുകളുണ്ട്. കോഴിക്കോട്ടുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ അനലിറ്റിക്സ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ഓട്ടമേഷൻ എന്നിവയിൽ നിരവധി അഡ്വാൻസ്ഡ് കോഴ്സുകളുണ്ട്. സൈബർ സെക്യൂരിറ്റി, എത്തിക്കൽ ഹാക്കിംഗ് എന്നിവയിലുള്ള ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾക്കും സാധ്യതയേറി വരുന്നു.

വരുംകാലങ്ങളിൽ കംപ്യൂട്ടർ സയൻസ്, ഐ.ടി. കോഴ്സുകൾ തെരഞ്ഞെടുക്കുമ്പോൾ രക്ഷിതാക്കളും, വിദ്യാർത്ഥികളും ആശങ്കപ്പെടേണ്ടതില്ല. കണക്ടിവിറ്റി, ഓട്ടമേഷൻ, മെഷീൻ ലേണിംഗ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, സൈബർ സെക്യൂരിറ്റി എന്നിവയ്ക്കുതകുന്ന പുത്തൻ സാങ്കേതിക വിദ്യകൾ അനുസരിച്ച് കസ്റ്റമൈസ്ഡ് ഐ.ടി. സേവനങ്ങൾക്കാണ് പ്രസക്തിയേറുന്നത്. ഈ മാറ്റത്തിനനുസരിച്ച് സിലബസിൽ കാതലായ മാറ്റങ്ങളും നടന്നു വരുന്നു.

പ്രതിവർഷം 8 ലക്ഷത്തോളം എൻജിനിയറിംഗ് ബിരുദധാരികളാണ് പഠിച്ചിറങ്ങുന്നത്. ഇവരിൽ കാമ്പസ് റിക്രൂട്ട്മെന്റിലൂടെ മികച്ച തൊഴിൽലഭിക്കുന്നവരേറെയുണ്ട്. ഗെയിറ്റ് പരീക്ഷയെഴുതിഎം.ടെക്കിന് പഠിയ്ക്കാനും, CAT എഴുതി ഐ.ഐ.എമ്മിൽ പഠിയ്ക്കാനും വിദ്യാർത്ഥികൾ തയ്യാറെടുത്ത് വരുന്നുണ്ട്. കൂടാതെ ബിസിനസ്സ്സ്കൂളിൽ എംബി.എയ്ക്കും, സിവിൽ സർവീസസ് പരീക്ഷയ്ക്കും തയ്യാറെടുക്കുന്നവരും, ഇംഗ്ലീഷ് പ്രാവീണ്യ പരീക്ഷയെഴുതി വിദേശത്ത് എം.എസ്സിന് ശ്രമിക്കുന്നവരുമുണ്ട്. എന്നാൽ അടുത്തയിടെ പുറത്തിറക്കിയ നാസ്ക്കോമിന്റെ റിപ്പോർട്ടിൽ എഞ്ചിനീയറിംഗ് ബിരുദധാരികളിൽ തൊഴിൽ ലഭ്യതാ മികവ് 33 ശതമാനം മാത്രമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തൊഴിൽനൈപുണ്യം, ആശയ വിനിമയം, ഇംഗ്ലീഷ് പ്രാവീണ്യം, പൊതുവിജ്ഞാനം, ഇന്റർവ്യൂ എന്നിവയിലാണ് എൻജിനിയറിംഗ് ബിരുദധാരികൾ പിറകിലാകുന്നത്.

എൻജിനിയറിംഗ് ബിരുദധാരികളിൽ ബാങ്കിംഗ് പ്രവേശന പരീക്ഷയെഴുതി ബാങ്ക്ഉദ്യോഗസ്ഥരാകുന്നവരും, ഗൾഫ് നാടുകളിൽതൊഴിൽ നേടുന്നവരുമുണ്ട്. GATE, CAT, സിവിൽസർവ്വീസ്, ബാങ്കിംഗ് പരീക്ഷകൾക്കപ്പുറം പി.എസ്.സി/യു.പി.എസ്.സി. പരീക്ഷകൾ, എഞ്ചിനീയറിഗ് സർവ്വീസ് പരീക്ഷകളുമുണ്ട്. എഞ്ചിനീയറിംഗ് തൊഴിൽലഭ്യത ഉറപ്പുവരുത്താൻ മൂല്യവർദ്ധിത കോഴ്സുകൾ ആവശ്യമാണ്.

> **39 ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്ന ഐ.ടി. മേഖലയിൽ തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സാങ്കേതിക വിദ്യയിൽ കാലത്തിന്റെ മാറ്റത്തിനനുസരിച്ച് വളരാൻ ശ്രമിക്കണം. 35 വയസ്സിനു മുകളിലുള്ള തൊഴിലാളികളെയാണ് ഇത് പ്രതികൂലമായി ബാധിക്കുക.**